**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം- 695001**

**വിജ്ഞാപനം**

**KEAM -2022**

**എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ കോഴ്സുകളിലെ രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് ഓപ്ഷൻ കൺഫർമേഷൻ നിർബന്ധം**

22.09.2022 ലെ CEE/26/2022-TA2 നമ്പർ വിജ്ഞാപന പ്രകാരം 2022 ലെ സംസ്ഥാനത്തെ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ കോഴ്സുകളിലെ ഒന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചിരുന്നു. ആദ്യ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കുകയും ആവശ്യപ്പെട്ടിരിക്കുന്ന ഫീസ് ഒടുക്കുകയും ചെയ്ത വിദ്യാർത്ഥികളും, ആദ്യ ഘട്ടത്തിൽ അലോട്ട്മെന്റൊന്നും ലഭിക്കാത്തവരും എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ കോഴ്സുകളിൽ നിലവിലുള്ള ഹയർ ഓപ്ഷനുകൾ രണ്ടാം ഘട്ട അലോട്ട്മെന്റിലേക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്നുവെങ്കിൽ നിർബന്ധമായും ഓപ്ഷൻ കൺഫർമേഷൻ നടത്തേണ്ടതാണ്. ഇതിനായി വിദ്യാർത്ഥികൾ ഹോം പേജിൽ പ്രവേശിച്ച് **'Option Registration'** എന്ന മെനു ക്ലിക്ക് ചെയ്ത് **'Confirm'** ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതാണ്.

ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് ഹയർ ഓപ്ഷൻ പുന: ക്രമീകരിക്കുന്നതിനും, ആവശ്യമില്ലാത്തവ റദ്ദാക്കുന്നതിനും പുതുതായി ഉൾപ്പെടുത്തിയ കോളേജ്/ കോഴ്സ് എന്നിവയിലേക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും Candidate Portal - ൽ **27.09.2022 വൈകുന്നേരം 3.00 മണി** വരെ സൗകര്യം ഉണ്ടായിരിക്കുന്നതാണ് . ഒന്നാം ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ചവരിൽ നിശ്ചിത തീയതിക്കുള്ളിൽ ഫീസ് അടയ്ക്കാത്തവർ ഓപ്ഷൻ കൺഫർമേഷൻ നടത്തിയിരുന്നാൽ പോലും നിലവിലെ അലോട്ട്മെന്റും ബന്ധപ്പെട്ട സ്കീമിൽ ഒന്നാം ഘട്ടത്തിൽ ലഭ്യമായിരുന്ന ഓപ്ഷനുകൾ നിലവിലുണ്ടെങ്കിൽ അവയും റദ്ദാകുന്നതാണ്.

പുതിയതായി അംഗീകാരം ലഭിച്ച സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജായ KMCT College of Engineering For Emerging Technology, Manassery P,O. Mukkam, Kozhikkode നെയും സർക്കാർ ഉത്തരവ് ലഭ്യമായതിനാൽ താഴെ പറയുന്ന സ്വകാര്യ സ്വാശ്രയ ആർക്കിടെക്ചർ കോളേജുകളെയും അലോട്ട്മെന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| SL. No. | College Code | Name of College | Seats | Fee | |
|---|---|---|---|---|---|
| | | | | 25% Lower Income Group | 25% other |
| 1 | HCA | Holy Crescent College of Architecture, South Vazhakulam, Aluva | All seats | Rs. 55000/-pa | Rs. 55000/-pa + Rs.25000/- p.a (Special Fee) |
| 2 | NMR | Nizar Rahim and MARK School of Architecture, Kollam | All seats | | |
| 3 | AVR | Avani Institute of Design, Ambayathode, Koodathai P O, Thamarassery, Kozhikode. | 50% | | |
| 4 | DCR | DC School of Architecture and Design, | 50% | | |

| | | | | | |
|---|---|---|---|---|---|
| | | Pullikkanam P O, Vagamon, Idukki | | | |
| 5 | DSR | DC School of Architecture and Design, Trivandrum | 50% | | |
| 6 | KMR | KMEA College of Architecture, Edathala P O, Aluva | 50% | | |
| 7 | SCR | SCMS School of Architecture, Ernakulam | 50% | | |
| 8 | NVR | College of Architecture Trivandrum, Vellanad, Trivandrum | 50% | | |

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.09.24 21:01:53 IST
Reason: Approved

തിരുവനന്തപുരം
**24/09/2022**

**പ്രവേശന പരീക്ഷാ കമ്മീഷണർ**